AMLP SCHOOL KUTTIPPURAM NORTH
KAVATHIKALAM

# സചിത്ര സംയുക്ത ഡയറി

# കുഞ്ഞെഴുത്ത്

ഒന്നാം ക്ലാസ്സ് 2023-24

## എ. എം. എൽ. പി. സ്കൂൾ കുറ്റിപ്പുറം നോർത്ത്

19-02-2024

# ആമുഖം

2023-24 അധ്യായന വർഷത്തെ ഒന്നാം ക്ലാസിലെ കുട്ടികൾക്കായി സംയുക്ത ഡയറി എന്ന പുതിയ ആശയം ലഭിക്കുകയും അത് പ്രകാരം ആദ്യഘട്ടത്തിൽ രക്ഷിതാവിന്റെ സഹായത്തോടെയും പിന്നീട് ഇത് കുട്ടികളുടെ സ്വതന്ത്ര രചനയായ സാങ്കല്പിക ഡയറിയായി മാറുകയും ചെയ്തു. ഇതിലൂടെ ഓരോ കുട്ടിയുടെയും വ്യക്തിഗതമായ രചന ശേഷി മികച്ചതാക്കാൻ കഴിയുന്നു. വ്യത്യസ്തതരം കുട്ടികളുടെ പല ദിവസങ്ങളിൽ നിന്ന് ചില ഭാഗങ്ങൾ മാത്രം തിരഞ്ഞെടുത്തു  തയ്യാറാക്കിയ ഈ പതിപ്പ് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുവാൻ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.





# ആശംസ

സ്വന്തം ഡയറിത്താളുകളിലൂടെ ലോക ജനതയുടെ നെഞ്ചിൽ ഇടം നേടിയ ആൻ ഫ്രാങ്കിനെ കുറിച്ച് നമുക്ക് ഏവർക്കും അറിയാം. ഒരാളുടെ ഡയറി അയാളുടെ ജീവിതത്തിന്റെ മാത്രമല്ല അയാൾ ജീവിച്ച കാലഘട്ടത്തിന്റെ കൂടി അടയാളപ്പെടുത്തലാണ്.

2022-23 അധ്യയന വർഷം ഒന്ന് ,രണ്ട് ക്ലാസിലെ എല്ലാ കുട്ടികളെയും ഡയറി എഴുത്തിന്റെ ലോകത്തേക്ക് ചുവട് വയ്ക്കാൻ അവസരം ഒരുക്കിയിരിക്കുകയാണ്. ഈ അവസരത്തെ ഒന്നാം ക്ലാസ്സിലെ കുട്ടികൾ മികച്ച രീതിയിൽ ഏറ്റെടുത്തു എന്ന് അവരുടെ ഡയറികുറിപ്പുകൾ വായിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നു.

ഒന്നാം ക്ലാസ്സിന്റെ "കുഞ്ഞെഴുത്ത് " അവരുടെ ഭാഷാശേഷി വികസനത്തിന്റെയും അനുഭവത്തെ ചിത്രീകരിച്ചതിന്റെയും നേർകാഴ്ചയാണ്. എന്റെ കുഞ്ഞുമക്കൾക്ക് ഡയറി എഴുത്തിൽ ഒരുപാട് ഉയരങ്ങളിൽ എത്താൻ സാധിക്കട്ടെ.

**എന്ന്**
**പ്രധാനാധ്യാപിക**
**അംബിക ടീച്ചർ**



# ആശംസ

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ,
2023-24 അധ്യായന വർഷം 1,2 ക്ലാസിലെ കുട്ടികൾക്ക് മാത്രമായി തുടങ്ങിവെച്ച ഒരു പ്രവർത്തനമാണ് സംയുക്ത ഡയറി എന്നത്. ഈ പ്രവർത്തനത്തിലൂടെ കുട്ടികളുടെ ഭാഷ നൈപുണിയും ചിന്താശേഷിയും വർദ്ധിപ്പിക്കുകയും അതോടൊപ്പം തന്നെ കുട്ടിയെ ആദ്യം കൂട്ടമായും പിന്നീട് വ്യക്തിഗതമായുള്ള സ്വതന്ത്ര രചനയിലേക്കും നയിക്കുന്നു. ഈ സംയുക്ത ഡയറിയിലൂടെ മറ്റു ഉയർന്ന തല രചനയിലേക്കും കുട്ടി വളരട്ടെ എന്നാശംസിക്കുന്നു.

**എന്ന്**
**ജൈബു ടീച്ചർ**




# ആശംസ

പ്രിയപ്പെട്ട മക്കളെ,

2023 24 അധ്യയനവർഷം ആരംഭിച്ച വ്യത്യസ്തവും മികവാർന്നതുമായ ഒരു പ്രവർത്തനമായിരുന്നു സംയുക്ത ഡയറി. ഇത് കുട്ടികളുടെ ഭാഷാശേഷി വികാസത്തിന് പ്രാധാന്യം നൽകുന്ന പ്രവർത്തനമായിരുന്നു. ഭാഷ വികസിക്കുന്നതോടൊപ്പം കുട്ടികൾക്ക് അവരുടെ ഓരോ ദിവസത്തെയും രസകരമായ അനുഭവങ്ങളും സ്വപ്നങ്ങളും കഴിവുകളും ആഗ്രഹങ്ങളും എല്ലാം ഇതിലൂടെ പങ്കുവെകുമ്പോൾ  അത് വായനക്കാരെ കൂടുതൽ ആസ്വാദ്യകരമാക്കുന്നു. വളരെ ആകർഷകമായ രീതിയിൽ ഒന്നാം ക്ലാസിലെ കുരുന്നുകൾ തയ്യാറാക്കിയ സംയുക്ത ഡയറി അവരെ ലോകത്തേക്കുള്ള പു തുപ്രതീക്ഷകൾ നൽകട്ടെ എന്ന് ആശംസിക്കുന്നു.

**എന്ന്**

**രജിന ടീച്ചർ**



തിങ്കൾ
24-12-23

ഞാനും കാക്കുവും ഉപ്പാന്റെ
വീട്ടിൽ പോയി. അവിടെ
കുറച്ചു ചെമ്മീൻ ബിരിയാണി
തിന്നു. അവിടെ നിന്ന് അവരു
ടെ കൂടെ അമ്മായിയുടെ
വീട്ടിൽ പോയി.




# റഷാദ്

**തിങ്കൾ**
**24-12-2023**

ഞാനും കാക്കുവും ഉപ്പാന്റെ വീട്ടിൽ പോയി. കുറച്ചു സമയം അവിടെ കളിച്ചു. ഉച്ചയ്ക്ക് ചെമ്മീൻ ബിരിയാണി തിന്നു. അവിടെനിന്ന് അവരുടെ കൂടെ അമ്മായിയുടെ വീട്ടിൽ പോയി.









## റസൻ

**തിങ്കൾ**
**25-12-2023**

പിന്നെ ഞാനൊരു യാത്ര പോയ ദിവസമാണ്. ഉച്ചഭക്ഷണത്തിന് ശേഷമായിരുന്നു യാത്ര. ആദ്യം ഉമ്മാന്റെ വീട്ടിൽ പോയി. അവിടെ നിന്ന് ബന്ധുവീട്ടിൽ പോയി. ആദ്യമായാണ് ഞാൻ ബസ്സിൽ യാത്ര ചെയ്യുന്നത്.എനിക്ക് വളരെയേറെ സന്തോഷമായി. വൈകുന്നേരം അഞ്ചുമണിക്ക് തിരിച്ചു.








# സയാൻ

ഞായർ
25-12-2023




ഇന്ന് തിങ്കൾ എനിക്ക് എന്റെ കാക്ക ലാപ്ടോപ്പ് ഇട്ടു തന്നു. അതിൽ ഞാൻ കുറച്ചു കാർട്ടൂൺ കണ്ടു. എന്നിട്ട് ഞാൻ എന്റെ അടുത്തുള്ള വീട്ടിൽ പോയി, അവിടെ നിന്ന് കുറച്ചുനേരം കളിച്ചു. ശേഷം വീട്ടിലേക്ക്  പോയി എന്നിട്ട് ഭക്ഷണം കഴിച്ചു.













# അമൻ

ഞായർ
25-12-2023

ഞാൻ രാവിലെ എണീറ്റു. പ്രഭാത കർമ്മങ്ങൾ ചെയ്തു ചായ കുടിച്ചു. എനിക്ക് പനി ആയതുകൊണ്ട് ഞാൻ മദ്രസയിൽ പോയിരുന്നില്ല. ഞാനും താത്തയും കുറച്ചു സമയം കളിച്ചു. പിന്നെ ഞാൻ താറാവിനും കോഴിക്കും തീറ്റ കൊടുത്തു. എന്റെ ഉമ്മയുടെ അനിയത്തിയും കുട്ടികളും വന്നു. കുഞ്ഞമ്മയോട് കുറേ സംസാരിച്ചു. കുട്ടികളോടൊപ്പം കളിച്ചു. എല്ലാവരോടൊപ്പം ഇരുന്നു ഭക്ഷണം കഴിച്ചു.പിന്നെ കുറച്ച് സമയം ഫോണിൽ കളിച്ചു. ഉറങ്ങി. വൈകുന്നേരം എണീറ്റു. എന്റെ ഉമ്മയുടെ കൂടെ അമ്മാവന്റെ വീട്ടിൽ പോയി. അവിടെനിന്നും ചായ കുടിച്ചു. വീട്ടിലെത്തി പിന്നെ എഴുതി, പഠിച്ചു, പുസ്തകം വായിച്ചു. കുട്ടികളുടെ കൂടെ കളിച്ചു, ഭക്ഷണം കഴിച്ചു, ഞാൻ ഉറങ്ങി.








# ഷാസിൻ

## ചൊവ്വ
## 26-12-2023

രാവിലെ 5 30ന് എണീറ്റു. പ്രഭാതകൃത്യങ്ങൾ ചെയ്തു. 6 മണിക്ക് മദ്രസയിലേക്ക് പോയി. ഉമ്മാന്റെ വീട്ടിൽ നിന്നായിരുന്നു വന്നത്. അതുകൊണ്ടുതന്നെ നേരത്തെ ഇറങ്ങേണ്ടി വന്നു. മദ്രസ വിട്ട് ഉമ്മാന്റെ വീട്ടിലേക്ക് തന്നെ പോയി. ഇന്ന് എന്റെ കുടുംബത്തിൽ സന്തോഷകരമായ ഒരു കാര്യം നടന്നു. എന്റെ അമ്മായി ഒരു ആൺകുഞ്ഞിന് ജന്മം നൽകി. വൈകിട്ട് ഞാനും ഉമ്മയും താത്തയും കുട്ടിയെ കാണാൻ അൽമാസ ഹോസ്പിറ്റലിൽ പോയി. രാത്രി 8 മണിക്കാണ് ഞങ്ങൾ തിരിച്ചെത്തിയത്.





26/12/23
ചൊവ്വ


കളിക്കാൻ കൂട്ടിന് ആരും ഇല്ലാത്തത് കൊണ്ട്
ഒരു രസവും ഇല്ല കാർട്ടൂൺ കണ്ടിരിക്കുകയായിരു
ന്നു ഇന്ന് ഞാൻ ഇന്ന് ഉമ്മാനെ യും ആയിഷാനെ
കാണാൻ പോയി ഞാൻ ഇന്ന് ഉമ്മാനെയും ആയിഷ
ാനെയും കാണാൻ പോയി അവൾക്ക് ഒരുപാട് മിഠായി
കൊണ്ടുപോയി തിരിച്ചു പോന്നപ്പോൾ ആയിഷ
കുറെ കരഞ്ഞു എനിക്കും ഒരുപാട് സങ്കടമായി



# മഹ്റ

ചൊവ്വ
26-12-2023

കളിക്കാൻ കൂട്ടിന് ആരും ഇല്ലാത്തതുകൊണ്ട് ഒരു രസവുമില്ല. കാർട്ടൂൺ കണ്ടിരിക്കുകയായിരുന്നു. ഇന്ന് ഞാൻ ഉമ്മാനെയും ആയുഷനെയും കാണാൻ പോയി. അവൾക്ക് ഒരുപാട് മിഠായികൾ കൊണ്ടുപോയിരുന്നു. തിരിച്ചു പോന്നപ്പോൾ ആയിഷ കുറെ കരഞ്ഞു. എനിക്കും ഒരുപാട് സങ്കടമായി.


ബുധൻ
27-12-23




ഹിഫ

# ബുധൻ
# 27-12-2023

ഒരുപാട് സന്തോഷത്തോടെയാണ്
 ഇന്ന് ഞാൻ ഉണർന്നത്.
എനിക്കും അനിയനും ഒരു സൈക്കിൾ ഉപ്പച്ചി വാങ്ങി തന്നു.
കുറെ സമയം അത് ഓടിച്ചു കളിച്ചു.
വൈകുന്നേരം കളർ ബുക്കിൽ കളർ ചെയ്തു പഠിച്ചു.








**നൗറിൻ**

## വ്യാഴം
## 28-12-2023

ഇന്ന് ഉറക്കം ഉണർന്നപ്പോൾ തന്നെ നല്ല സന്തോഷവാർത്ത കേട്ടു. ഞങ്ങളെ തൃശൂർ പാർക്കിലേക്ക് കൊണ്ടുപോകാമെന്ന് പറഞ്ഞു. കുട്ടികൾക്ക് എല്ലാവർക്കും നല്ല സന്തോഷമായി. ഉച്ചക്ക് ഞങ്ങൾ പോയി കളിച്ചു കളിച്ചു ഞങ്ങൾക്ക് വയ്യാതായി.








**അഷ്മിൽ**

## വ്യാഴം

## 28-12-2023

ഞാൻ ആപ്പയുടെ കൂടെ ഒതുക്കുങ്ങലിലെ ഒരു ചെരുപ്പ് കടയിലേക്ക് പോയി അവിടുന്ന് എനിക്ക് ഷൂ വാങ്ങി. തിരിച്ചു പോന്നപ്പോൾ ഒരു കൂൾബാറിൽ കയറി അവിടുന്ന് മുന്തിരി ജ്യൂസും പഴവും കഴിച്ചു.



28/12/2023
വ്യാഴം



# യാസീൻ

## വ്യാഴം
## 28-12-2023

ഇന്ന് ഞാൻ രാവിലെ എണീറ്റപ്പോൾ ഉമ്മ പറഞ്ഞു, ഇന്ന് നമുക്ക് ഉമ്മാന്റെ വീട്ടിൽ പോകാം. അത് കേട്ടപ്പോൾ എനിക്ക് വളരെ സന്തോഷമായി. ശേഷം ഞാൻ മദ്രസയിൽ പോയി.ഇന്ന് മദ്രസയിലെ ഒരു കുട്ടിയുടെ പിറന്നാൾ ആയിരുന്നു. അതുകൊണ്ട് ഞങ്ങൾക്ക് മിഠായി കിട്ടി. മദ്രസ വിട്ടു. ഞങ്ങൾ ഉമ്മാന്റെ വീട്ടിൽ പോയി. എനിക്ക് ഏറെ സന്തോഷമായി.


29-12-2023
വെള്ളി




**അംന**

**വെള്ളി**
**29-12-2023**

ഇന്ന് എനിക്ക് നല്ല സങ്കടമുള്ള ദിവസമായിരുന്നു. ഞങ്ങൾ വിരുന്നു പോയി വന്നപ്പോൾ എന്റെ രണ്ടു കോഴി കുഞ്ഞുങ്ങൾ മുറിവേറ്റു ചത്തു പോയിരുന്നു. എനിക്ക് വിഷമമായി. നമുക്ക് വീണ്ടും കുഞ്ഞുങ്ങളെ വിരിയിക്കാമെന്ന് ഉമ്മ പറഞ്ഞപ്പോൾ സന്തോഷമായി.






30-12-2023
ശനി



**ഹിഷാൻ റെബിൻ**

**ശനി**


**30-12-2023**

ഇന്ന് ഞങ്ങൾ പുലർച്ചെ 3:00 മണിക്ക് എഴുന്നേറ്റു. ടൂർ പോകുന്ന ദിവസമായിരുന്നു. ഞങ്ങൾ വയനാട്ടിലേക്ക് ആണ് പോകാൻ തീരുമാനിച്ചിരുന്നത്. ഞങ്ങൾ 4:30ന് പുറപ്പെട്ടു. വഴിയിൽ വെച്ച് ഫുഡ് കഴിച്ചു. വീണ്ടും യാത്ര തുടങ്ങി. പല കാഴ്ചകളും കണ്ടു. ബോട്ടിൽ കയറി. പിന്നെ അവിടെ നിന്ന് ഊട്ടിയിലേക്ക് പോയി. അവിടത്തെ കാഴ്ചകൾ ആസ്വദിച്ചു.









30/12/23 ശനി

എനിക്ക് സമ്മാനം കിട്ടി

എന്റെ മാമൻ തന്നതാണ്

ഒരു വലിയ JCB

എനിക്ക് സന്തോഷമായി





**സാബിത്ത്**

ശനി

30-12-2023

എനിക്ക് സമ്മാനം കിട്ടി.എന്റെ മാമൻ തന്നതാണ്. ഒരു വലിയ ജെസിബി. എനിക്ക് സന്തോഷമായി.





ഇന്ന് മദ്രസ ലീവായിരുന്നു.
ഉമ്മയും ഉപ്പയും ഡോക്ടറെ
കാണാൻ പോയി. രാവിലെ
9.30ന് വെറ്റില കൃഷി നനച്ചു.



ഹാഫിസ്


ശനി

30-12-2023

ഇന്ന് മദ്രസ ലീവ് ആയിരുന്നു. ഉമ്മയും ഉപ്പയും ഡോക്ടറെ കാണാൻ പോയി. രാവിലെ 9:30ന് വെറ്റില കൃഷി നനച്ചു.



# Happy New Year


Page No :
Date : 31/12/23




അബ്ദുൽ റാസിഖ്

**ഞായർ**
**31-12-2023**

ഇന്ന് 31 തിയതിയാണ്.
നാളെ സ്കൂൾ തുറക്കുകയാണ്.
നാളെ ന്യൂ ഇയർ ആയതുകൊണ്ട്
എല്ലാവരോടും ഫ്രണ്ടിന് കൊടുക്കാൻ
കാർഡ് ഉണ്ടാക്കാൻ ടീച്ചർ പറഞ്ഞിരുന്നു.
ഉമ്മ എനിക്ക് നല്ല ഭംഗിയുള്ള
കാർഡ് ഉണ്ടാക്കിത്തന്നു.











ഹിബ്വാൻഷാ

ഞായർ

31-12-2023

ഇന്ന് കല്യാണം ഉണ്ടായിരുന്നു.
ഓഡിറ്റോറിയത്തിൽ.
എല്ലാവരും പോയിരുന്നു.
അവിടെ പാർക്ക് ഉണ്ടായിരുന്നു.

# HAPPY New Year 2024



31/12/2023
ഞായർ



**ഫാത്തിമ റുഷ്ദ**

**ഞായർ**
**31-12-2023**

**ഇന്ന് ഞായർ നാളെ ക്രിസ്മസ് അവധി കഴിഞ്ഞ് സ്കൂൾതുറക്കും.ഒപ്പം പൊതുവർഷവും. ഇന്ന് എന്റെ ഉമ്മാന്റെ വീട്ടിൽനിന്ന് എന്റെ വീട്ടിൽ വന്നു.സ്കൂളിലേക്ക് പോകാനുള്ള ഒരുക്കത്തിലാണ്. നാളെ പുതുവർഷം ആയതിനാൽ കൂട്ടുകാർക്ക് ആശംസ കാർഡ് ഉണ്ടാക്കി വേണം സ്കൂളിലെത്താൻ. കൂട്ടുകാരോട് അവധിക്കാല വിശേഷങ്ങൾ പറയണം.**



31-12-2023



# അമാൻ


**ഞായർ**
**31-12-2023**

ഇന്ന് ഞാൻ എന്റെ വല്യുമ്മയുടെ കൂടെ ഞങ്ങളുടെ മൂത്താപ്പാന്റെ വീട്ടിൽ പോയിരുന്നു. അവിടെ നിന്ന് ജ്യൂസ് കുടിച്ചു. അവിടെനിന്നും ഞങ്ങൾ അടക്ക കൊണ്ടുവന്നു.ശേഷം കുറെ നേരം കളിച്ചു. വൈകുന്നേരം ചെടി നനച്ചു. രാത്രി എന്റെ സ്കൂളിനെ കുറിച്ചുള്ള കഥ കേട്ടു. ഉമ്മ ചെയ്യുന്ന പ്രവർത്തനം കുറച്ചു സമയം നോക്കിയിരുന്നു.







# റയ്യാൻ

**തിങ്കൾ**

**01-01-2024**

**ഇന്ന് രാവിലെ 5 30ന് ഞാൻ എണീറ്റു. മദ്രസയിൽ പോയി. ഉസ്താദിന്റെ കയ്യിൽ നിന്നും അടി കിട്ടി. ഉമ്മാനോട് വന്നു പറഞ്ഞു.ഉച്ചയ്ക്ക് ഉമ്മാന്റെ സ്പെഷ്യൽ മീൻ പൊരിച്ചതും ചോറും. വൈകുന്നേരം ഉമ്മ പലഹാരങ്ങൾ ഉണ്ടാക്കി തന്നു.**



# നന്ദി

ഈ സംയുക്ത ഡയറി പ്രസിദ്ധീകരണത്തിന് വേണ്ടി ഞങ്ങളെ സഹായിച്ച ഒന്നാം ക്ലാസിലെ കുഞ്ഞോമനകൾക്കും രക്ഷിതാക്കൾക്കും സ്നേഹം നിറഞ്ഞ നന്ദി.